# കേരള കാർഷിക സർവ്വകലാശാല

## കൃഷി വിജ്ഞാന കേന്ദ്രം, വയനാട്

## അമ്പലവയൽ– 673 593

Phone: 04936 260411, E-mail: kvkwayanad@kau.in


നം.കെ.വി.കെ/744(a)/2024 തീയതി: 06.12.2024

## പുന: ടെൻഡർ നോട്ടീസ്

അമ്പലവയൽ സ്ഥിതി ചെയ്യുന്ന വയനാട് കൃഷി വിജ്ഞാന കേന്ദ്രത്തിലെ നേഴ്സറി യൂണിറ്റിലേക്ക് **'ഉണക്ക ചാണകവും പച്ച ചാണകവും വിതരണം ചെയ്തു തരുന്നതിന്"** താല്പര്യമുള്ള കർഷകരിൽ നിന്നും മുദ്ര മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**ടെൻഡർ കവറിന് പുറത്ത് എഴുതേണ്ടത്**

**'ഉണക്ക ചാണകവും പച്ച ചാണകവും വിതരണം ചെയ്തു തരുന്നതിനുള്ള ടെൻഡർ '**

| | | |
|---|---|---|
| ടെൻഡർ ലഭിക്കേണ്ട അവസാന തീയതി, സമയം | : | 20.12.2024, 11.00 am |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : | 20.12.2024, 11.30 am |
| നിരതദ്രവ്യം | : | 1000/-രൂപ |
| ടെൻഡർ വില | : | 400+18% GST |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | : | **പ്രോഗ്രാം കോ-ഓർഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയൽ** |

**നിബന്ധനകൾ:-**

1. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
2. കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന നിർദ്ദിഷ്ട ഫോറത്തിൽ, 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതമാണ് ടെൻഡർ സമർപ്പിക്കേണ്ടത്.
3. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽക്കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡർകാരെ മാത്രം ഉൾപ്പെടുത്തി ടെൻഡർ തുറക്കുന്നതിന് മുൻപായി അന്നേ ദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്.
4. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
5. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരമുണ്ടായിരിക്കും.
6. **ചാണകം നല്ല ഗുണമേന്മയുള്ളതും, ഉണക്ക ചാണകം നല്ലവണ്ണം ഉണങ്ങിയതുമായിരിക്കണം. ഒരു ട്രാക്ടർ ചാണകം ഈ കേന്ദ്രത്തിൽ എത്തിച്ചുതരുന്ന വണ്ടിക്കൂലി, കയറ്റിറക്ക് കൂലി ഉൾപ്പെടെയുള്ള വിലയായിരിക്കണം (പച്ച ചാണകത്തിൻറെയും ഉണക്ക ചാണകത്തിൻറെയും വില തിരിച്ച്) ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.**
7. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള സപ്ലൈ ഓർഡർ അനുസരിച്ച് സമയബന്ധിതമായി സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

അല്ലാത്ത പക്ഷം നിരതദ്രവ്യം സർവ്വകാലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്

8. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്.
9. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാക്കുകയോ ചെയ്താൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ രാവിലെ 11.30 ന് ടെൻഡർ തുറക്കുന്നതാണ്.
10. ടെൻഡർ വിലയും നിരതദ്രവ്യത്തിനും അംഗീകൃത ബാങ്കുകളുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ,കൃഷി വിജ്ഞാന കേന്ദ്രം, വയനാട്, അമ്പലവയലിൻറെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളായോ, നേരിട്ട് പണമായോ ഓഫീസിൽ ഒടുക്കിയ രശീതി അടക്കം ചെയ്തോ ടെൻഡറുകൾ സമർപ്പിക്കാം.
11. സ്ഥാപനത്തിൻറെ/വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം നൽകേണ്ടതാണ്.
12. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

6/12/24

**പ്രോഗ്രാം കോഓർഡിനേറ്റർ**

PROGRAMME CO-ORDINATOR
KVK WAYANAD

പകർപ്പ്:-

1. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
2. അമ്പലവയൽ വില്ലേജ് ഓഫീസ്
3. ആർ.എ.ആർ.എസ്. അമ്പലവയൽ
4. കെ.എ.യു വെബ് സൈറ്റ്
5. ശ്രീമതി അഷിത എം.ആർ, അസിസ്റ്റന്റ് പ്രൊഫസർ
6. നോട്ടീസ് ബോർഡ്.